## പതിമൂന്നാം കേരളനിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1

05.03.2012-ൽ മറുപടിയ്ക്ക്

### കേരള പൊതുവഴികൾ (സംഘം ചേരലും ജാഥകളും നിയന്ത്രണം) നിയമം നടപ്പിൽ വരുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.റ്റി.എ.റഹിം.<br>ശ്രീ.എം.എ.ബേബി.<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ.<br>ശ്രീ.ജെയിംസ് മാത്യു. | ശ്രീ.ഉമ്മൻ ചാണ്ടി.<br>(മുഖ്യമന്ത്രി) |
| (എ) കേരള പൊതുവഴികൾ (സംഘം ചേരലും ജാഥകളും നിയന്ത്രണം) നിയമം നടപ്പിൽ വരുത്തുന്നതിന് ഉണ്ടായിരിക്കുന്ന തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കുമോ ;<br><br>(ബി) കേരള നിയമസഭ ഐകകണ്ഠേന പാസാക്കിയ പ്രസ്തുത നിയമം നടപ്പിലാക്കണമെന്ന സമീപനം സർക്കാരിനുണ്ടോ ; | (എ) (ബി) & (സി) ജനങ്ങൾക്ക് പൊതുപാതകൾ ഉപയോഗിക്കാനുള്ള അവകാശങ്ങളിന്മേൽ ന്യായമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും പൊതുപാതകളിലൂടെയുള്ള സംഘം ചേരലും ജാഥകളും നിയന്ത്രിക്കുന്നതിനും കഴിയത്തക്കവിധത്തിൽ 18.2.2011-ൽ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) നിയമം നിലവിൽ വരുകയുണ്ടായി. WP(C)19253/10-മേലുള്ള 23.6.2010-ലെ കോടതി വിധി നടപ്പാക്കുന്നതു സംബന്ധിച്ച കാര്യം ചോദ്യം ചെയ്യപ്പെട്ടു കൊണ്ട് ഫയൽ ചെയ്യപ്പെട്ട CC(C)No. 1041/11-ലും, മേൽ നിയമത്തിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്തുകൊണ്ട് ഫയൽ ചെയ്യപ്പെട്ട 32428/11, 32429/11 എന്നീ റിട്ട് പെറ്റീഷ നുകളിലും ഉണ്ടായ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവുകൾ പ്രസ്തുത നിയമത്തിലെ 3, 4, 5 വകുപ്പുകൾ നടപ്പിലാക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിരുന്നു. ഈ |

(സി) എങ്കിൽ ഇതു സംബന്ധിച്ചുള്ള തടസ്സങ്ങൾ നീക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

സ്റ്റേ ഉത്തരവിനെതിരെ ബഹു: സുപ്രീം കോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്യുന്നതിന് 10.11.2011-ന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും അതനുസരിച്ച് SLP ഫയൽ ചെയ്യുവാൻ അഡ്വക്കേറ്റ് ജനറൽ അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പൊതുയോഗങ്ങളും, ജാഥകളും, മതപരവും ദേശീയവുമായ ഉത്സവങ്ങളും ഇപ്പോൾ നിയന്ത്രിക്കുന്നത് ഏത് നിയമ വ്യവസ്ഥകൾ വഴിയാണെന്ന് വിശദമാക്കുമോ ?

(ഡി) ബന്ധപ്പെട്ട ഹൈക്കോടതി ഉത്തരവുകൾക്കും, സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി നിലവിലുള്ള നിയമങ്ങളും, കേരളാ പോലീസ് ആക്റ്റിലെ 76, 79 എന്നീ വകുപ്പുകളും അനുസരിച്ച് പൊതുയോഗങ്ങളും, ജാഥകളും മതപരവും ദേശീയവുമായ ഉത്സവങ്ങളും നിയന്ത്രിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.